# കേരള എക്സൈസ് വകുപ്പ്
**'മാതൃഭാഷ-മലയാളം'**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 22/03/2022
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

## സർക്കുലർ നം-EXC7/2022/EXCISE

വിഷയം: എക്സൈസ് ഭരണപരം - ഹൈക്കോടതികളിൽ അപ്പീൽ ഫയൽ ചെയ്യുന്നതിനു വേണ്ടി അഡ്വക്കേറ്റ് ജനറൽ മുമ്പാകെ സമർപ്പിക്കുന്ന അപേക്ഷയിലെ ഉള്ളടക്കം സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:
1. ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ 22.02.2022-ലെ J3 – Rev. 152/2021/DGP & SPP-നമ്പർ കത്ത്.
2. 06.03.2021-ലെ EXC 9 /2021/ Excise നമ്പർ സർക്കുലർ.
3. 16.03.2021-ലെ EXC 11 /2021/ Excise നമ്പർ സർക്കുലർ.

സൂചന (2), (3) സർക്കുലർ പ്രകാരം വെറുതെ വിടുന്ന കേസ്സുകളിൽ അപ്പീൽ നൽകുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് വ്യക്തവും കൃത്യവുമായ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എക്സൈസ് ഉദ്യോഗസ്ഥർ അപ്പീൽ നൽകുന്നതിനു വേണ്ടി സമർപ്പിക്കുന്ന രേഖകളിൽ ചില പോരായ്മ ഉള്ളതായി സൂചന (1) പ്രകാരം ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ അറിയിച്ചിട്ടുള്ളതാണ്.

ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിനു വേണ്ടി അബ്കാരി കേസ്സുകൾ സംബന്ധിച്ച് വിശദാംശങ്ങൾ നൽകുമ്പോൾ കേസ്സിന്റെ വിശദാംശങ്ങൾ പരിശോധിച്ച് എന്തു കാരണത്താലാണ് കീഴ് കോടതി വിധി /ഉത്തരവ്-നെതിരെ അപ്പീൽ ഫയൽ ചെയ്യേണ്ടതെന്നുള്ള വ്യക്തമായ കാരണം കൃത്യമായ വിവരണം സഹിതം അഡ്വക്കേറ്റ് ജനറലിനു സമർപ്പിക്കേണ്ടതാണ്. അതുപോലെ തന്നെ വെറുതെ വിടുന്ന കേസുകൾ, പ്രത്യേകിച്ചും ചെറിയ അളവിലുള്ള മദ്യത്തെ സംബന്ധിക്കുന്ന കുറ്റ കൃത്യങ്ങളിൽ നിന്നുയരുന്ന കേസുകളിൽ അപ്പീൽ അപേക്ഷയിൽ പ്രതിയുടെ പൂർവ്വകാല കുറ്റകൃത്യങ്ങളെകുറിച്ചുള്ള വിവരങ്ങളും തീർച്ചയായും ഉൾക്കൊള്ളിക്കേണ്ടതാണ്.

സൂചന (2), (3)-ൽ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കുമ്പോൾ മേൽപ്പറഞ്ഞ കാര്യങ്ങൾ കൂടി പരിശോധിച്ച് ബന്ധപ്പെട്ട രേഖകളിൽ ഉൾപ്പെടുത്തേണ്ടതാണ്.

S. AANANTHAKRISHNAN IPS
Signature valid
Digitally signed by Aananthakrishnan S
Date: 2022.03.22 16:42:45 IST
Reason: Approved

**എക്സൈസ് കമ്മീഷണർ**

പകർപ്പ്

1. അഡീഷണൽ എക്സൈസ് കമ്മീഷണർ (ഭരണം, എൻഫോഴ്സ്മെന്റ്)
2. വിജിലൻസ് ഓഫീസർ (എക്സൈസ്)
3. ജോയിന്റ് എക്സൈസ് കമ്മീഷണർ (എല്ലാം)
4. ലോ ഓഫീസർ
5. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എല്ലാം)
6. അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ (എല്ലാം)
7. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ (എല്ലാം)
8. എക്സൈസ് ഇൻസ്പെക്ടർ (എല്ലാം)
9. കരുതൽ ഫയൽ/സർക്കുലർ ഫയൽ